# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 158** — **06-02-2019-ലെ മറുപടി**

## ജലാശയ അപകടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.ദിവാകരൻ**<br>**ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീ. മുഹമ്മദ് മുഹസ്സിൻ.പി**<br>**ശ്രീമതി സി.കെ.ആശ** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കേരളത്തിൽ വാഹനാപകടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജീവൻ നഷ്ടപ്പെടുന്നത് ജലാശയ അപകടങ്ങളിൽ നിന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | ഉണ്ട്. 2013-17 കാലയളവിൽ ജലാശയ അപകടങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 4876 അപകടങ്ങൾ ഫയർ & റസ്ക്യൂ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | കേരളത്തിലെ 44 നദികൾ കൂടാതെ ചെറുതും വലുതുമായ കായലുകൾ, ഡാമുകൾ, തോടുകൾ, കുളങ്ങൾ എന്നീ ജലാശയങ്ങളിലേയും ക്വാറി-കളോടനുബന്ധിച്ചുള്ള വെള്ളക്കെട്ടു-കളിലെയും രക്ഷാപ്രവർത്തനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ ; | ബി) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾക്ക് സമീപം അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലേയും നീന്തൽ വൈദഗ്ദ്യം ഉള്ള ജീവനക്കാരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകി സ്കൂബാ ഡൈവിംഗ് ടീം എന്ന പേരിൽ ഒരു ടീം ഫയർ & റസ്ക്യൂ വിഭാഗത്തിൻ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. |
| സി) | ജലാശയ രക്ഷാപ്രവർത്തനത്തിന് ഫയർഫോഴ്സ് സ്കൂബാ ടീമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ; | സി) | സ്കൂബാ ടീമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജലാശയ രക്ഷാപ്രവർത്തനത്തിനുള്ള ഉപകരണങ്ങളായ സ്കൂബാ സെറ്റ്, റബ്ബർ ഡിങ്കി, സ്കൂബാ വാഹനങ്ങൾ തുടങ്ങിയവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനും, ജലസുരക്ഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ജലാശയ അപകടങ്ങൾ ഒഴിവാക്കുന്നതിനും രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജലസുരക്ഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ ; വ്യക്തമാക്കുമോ ? | സി) | ഉണ്ട്. സമീപകാലത്ത് കേരളത്തിലുണ്ടായ പ്രളയദുരന്തത്തിന്റെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടും നിരവധി ജലാശയങ്ങളിലെ അപകട സാധ്യതകൾ കണക്കിലെടുത്തും ഒഡീഷ, ആസാം, ആന്ധ്രാപ്രദേശ് തുടങ്ങിയ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ജലാശയ അപകട രക്ഷാപ്രവർത്തന പരിശീലന കേന്ദ്രങ്ങളുടെ അതേ മാതൃകയിൽ ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ പരിശീലനകേന്ദ്രം (Institute for Advanced Training in Water Rescue) സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ